## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4954 04.07.2012 ലെ മറുപടിയ്ക്ക്

### ലോട്ടറി ഏജന്റുമാർക്ക് ആശ്വാസ ഫണ്ട്

**ചോദ്യം**

ശ്രീ. കെ. അച്ചുതൻ
ശ്രീ. പി. എ. മാധവൻ
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ. കെ. മുരളീധരൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ലോട്ടറി ഏജന്റുമാർക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് പുതുതായി നൽകിയത്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എല്ലാ ദിവസവും ഭാഗ്യക്കുറി നറുക്കെടുപ്പുകൾ പുന:രാരംഭിക്കുകയും ഏജന്റുമാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കത്തക്കവിധം സമ്മാനഘടനകൾ പുതുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭാഗ്യക്കുറി വെൽഫെയർ ബോർഡിൽ അംഗങ്ങളായിട്ടുള്ള ഏജന്റുമാർക്കും , വിൽപ്പനക്കാർക്കും താഴെ പറയുന്ന രീതിയിൽ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു.<br><br>1102 പേർക്ക് സ്പെഷ്യൽ പെൻഷൻ<br><br>24 പേർക്ക് സൂപ്പറാന്വേഷൻ പെൻഷൻ<br><br>33 പേരുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ<br><br>127 പേരുടെ ആശ്രിത മരണാനന്തര ധനസഹായം<br><br>17 പേർക്ക് വിവാഹ ധനസഹായം<br><br>3 പേർക്ക് പ്രസവാനുകൂല്യം<br><br>26 പേർക്ക് ചികിത്സാ ധനസഹായം<br><br>ഒരാൾക്ക് വിദ്യഭ്യാസ അവാർഡ്<br><br>14248 പേർക്ക് 1000 രൂപ വീതം ഓണം അലവൻസ്, 1000 രൂപ മുഖവിലയുള്ള 278940 കാരുണ്യ ടിക്കറ്റ്<br><br>55 പേർക്ക് പഴയ ക്ഷേമനിധി റദ്ദ് ചെയ്ത് ആനുകൂല്യം |

<table>
<tr>
<td>(ബി)</td>
<td>ഏജന്റുമാർക്ക് ഡിസ്ക്കൗണ്ട് സ്ലാബ് നിരക്കികളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം;</td>
<td>(ബി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുനരാരംഭിച്ചു. 2011 സെപ്റ്റംബർ മുതൽ പ്രതിവാര ഭാഗ്യക്കുറികൾ 2 സ്ലാബുകളായി 10,000 ടിക്കറ്റുകൾ വരെ 25% , 10,000 ടിക്കറ്റുകൾക്ക് മുകളിൽ 27% എന്നീ നിരക്കുകളിൽ ഡിസ്കൗണ്ട് ഏജന്റുമാർക്ക് നൽകി വന്നിരുന്നു. ബമ്പർ ഭാഗ്യക്കുറികളിൽ 1000 ടിക്കറ്റുകൾ വരെ 25%, 1000 ടിക്കറ്റുകൾക്ക് മുകളിൽ 27% എന്ന നിരക്കിലും ഡിസ്കൗണ്ട് നൽകി വരുന്നു. 2012 ജൂലൈ മുതൽ നറുക്കെടുക്കുന്ന ഭാഗ്യക്കുറികളിൽ ഡിസ്കൗണ്ട് നിരക്കിൽ വർദ്ധനവ് വരുത്തി സമ്മാന ഘടന പരിഷ്കരിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>ലോട്ടറി</th><th>ടിക്കറ്റ് പരിധി</th><th>ഡിസ്കൗണ്ട് നിരക്ക്</th></tr>
<tr><td rowspan="2">20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ (Win-Win, Akshaya, Bhagyanidhi , Pournami</td><td>10000 ടിക്കറ്റുകൾ വരെ</td><td>26%</td></tr>
<tr><td>10000 ടിക്കറ്റുകൾക്ക് മുകളിൽ</td><td>28%</td></tr>
<tr><td rowspan="2">40/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ ( Pratheeksha, Dhanasree)</td><td>10000 ടിക്കറ്റുകൾ വരെ</td><td>28%</td></tr>
<tr><td>10000 ടിക്കറ്റുകൾക്ക് മുകളിൽ</td><td>30%</td></tr>
<tr><td rowspan="2">50/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ (Karunnya)</td><td>10000 ടിക്കറ്റുകൾ വരെ</td><td>28%</td></tr>
<tr><td>10000 ടിക്കറ്റുകൾക്ക് മുകളിൽ</td><td>30%</td></tr>
</table>
കൂടാതെ ബമ്പർ ഭാഗ്യക്കുറികളിൽ 1000 ടിക്കറ്റുകൾ വരെ 26% നിരക്കിലും 1000 ടിക്കറ്റുകൾക്ക് മുകളിൽ 28% നിരക്കിലും ഡിസ്കൗണ്ട് വർദ്ധിപ്പിച്ചു</td>
</tr>
<tr>
<td>(സി)</td>
<td>ഇതുമൂലം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഏജന്റുമാർക്ക് ലഭിച്ചത്; വിശദമാക്കുമോ?</td>
<td></td>
<td>ഡിസ്കൗണ്ട് നിരക്കിൽ വരുത്തിയ വർദ്ധനവ് മൂലം ലഭിക്കുന്ന തുകകൂടി കുറച്ച് ടിക്കറ്റുകളുടെ വില ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഒടുക്കിയാൽ മതി</td>
</tr>
</table>

സെക്ഷൻ ഓഫീസർ